നം.കെ.എസ്.എ.പി.റ്റി.എ.പി.12/1303/17 തീയതി: 07.12.2017

# പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ

# 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.02.2017 മുതൽ 17.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.പി.പി. സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 24.10.2017 വരെ |
| ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീ. അരുൺ പി.ബി., സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഹരികുമാർ ബി., സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി സൗദാരാജൻ (01-04-2016 മുതൽ 31-03-2017 വരെ) |
| സെക്രട്ടറി | ശ്രീ.എസ്.അശോകൻ (01-04-2016 മുതൽ 29-07-2016 വരെ)<br>ശ്രീ.ശശികുമാർ.വി (30-07-2016 മുതൽ 31-07-2016 വരെ)<br>ശ്രീ.ശിവദാസൻപിള്ള.എസ് (01-08-2016 മുതൽ 31-03-2017 വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് - 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2016-17

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ആഭ്യന്തരനിയന്ത്രണം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| | ഭാഗം 2 | |
| 8 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ വാങ്ങിയിട്ടില്ല | 2-1 |
| | ഭാഗം 3 | |
| 9 | അഗ്രോ സർവ്വീസ് സെന്ററിന്റെ ആസ്തികൾ ഉപയോഗിക്കാനാകാത്ത അവസ്ഥയിൽ | 3-1 |
| 10 | പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ – അപാകതകൾ | 3-2 |
| 11 | സി.എച്ച്.സി-യ്ക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 12 | ടെണ്ടർ നടപടിയ്ക്ക് വിവിധ കമ്മിറ്റികളുടെ അംഗീകാരം വാങ്ങുന്നില്ല | 3-4 |
| 13 | ടെണ്ടറിനുപകരം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തി | 3-5 |
| 14 | സി.എച്ച്.സി-യ്ക്ക് ഡിജിറ്റൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ലക്ഷ്യം കണ്ടില്ല | 3-6 |
| 15 | വികലാംഗർക്ക് ട്രൈസ്കൂട്ടർ - തുക മുൻകൂർ കൈമാറി, വാഹനങ്ങൾ നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല | 3-7 |
| 16 | ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - തുക പൂർണ്ണമായും കൈമാറിയില്ല | 3-8 |
| 17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമല്ല | 3-9 |

| | | |
|---|---|---|
| 18 | വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം - ഒറ്റ യൂണിറ്റായി പ്രവർക്കുന്നു എന്നതിന് രേഖകളില്ല | 3-10 |
| 19 | ടെണ്ടർ ക്ഷണിക്കാതെ പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ, കമ്പ്യൂട്ടർ എന്നിവ വാങ്ങി | 3-11 |
| 20 | ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി - പദ്ധതി നടത്തിപ്പിൽ അപാകം | 3-12 |
| 21 | ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നു | 3-13 |
| 22 | ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭ്യമാക്കിയില്ല; ക്ഷീരവികസന മേഖലയിലെ പദ്ധതികൾ ലക്ഷ്യം കണ്ടില്ല | 3-14 |
| 23 | നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച; എസ്.സി. വനിതകൾക്കുള്ള ആട്ടുവളർത്തൽ പദ്ധതി നടപ്പാക്കിയില്ല | 3-15 |
| 24 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവരുത്തി | 3-16 |
| 25 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തു | 3-17 |
| 26 | റോഡ് നിർമ്മാണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-18 |
| 27 | പ്രവൃത്തി നടത്താത്ത കരാറുകാരുടെ ജാമ്യനിക്ഷേപം കണ്ടുകെട്ടണം | 3-19 |
| 28 | പൈക്ക - കേന്ദ്ര സഹായം ചെലവഴിക്കാതെ ബാങ്കിൽ 3.8ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നു | 3-20 |
| 29 | ചെലവഴിക്കാനാവാതെ ബാങ്ക് അക്കൗണ്ടിൽ കെട്ടികിടക്കുന്ന തുക ₹20.30 ലക്ഷം | 3-21 |
| 30 | ലക്ഷ്യബോധമില്ലാത്ത പദ്ധതി ആസൂത്രണം 49.24 ലക്ഷം രൂപ വിനിയോഗിക്കാനാവാതെ ലാപ്സായി | 3-22 |
| 31 | ക്രമപ്രകാരമല്ലാത്ത ചെലവുകൾ തടസ്സപ്പെടുത്തുന്നു | 3-23 |
| 32 | KWA, KSEB എന്നിവയിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-24 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തി - അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 3-25 |
| 34 | നിഷ്ക്രിയ ആസ്തികൾ കൈയ്യൊഴിക്കണം | 3-26 |
| 35 | തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല | 3-27 |
| 36 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 2.67 ലക്ഷം രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയില്ല | 3-28 |
| 37 | സി.എച്ച്.സി. പ്രവർത്തിക്കുന്നത് പി.എച്ച്.സി-യുടെ നിലവാരത്തിൽ; കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കമ്മിറ്റി ഇടപെടണം | 3-29 |
| | ഭാഗം 4 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-2 |

| | | |
|---|---|---|
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-3 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 32 | ഓഡിറ്റ് റിക്കവറി | 4-5 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.02.2016-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 6696934 | 35340181 | 28643247 | |
| വരവ് | 560314191 | 98010543 | | 462303648 |
| ആകെ | 567011125 | 133350724 | | 433660401 |
| ചെലവ് | 561762687 | 106964107 | | 454798580 |
| നീക്കിയിരിപ്പ് | 5248438 | 26386617 | 21138179 | |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2016-17ൽ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 04.07.2017 |

വാർഷിക കണക്കുകളിലെ അപാകതകൾ

1. Schedule B-1 - ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിക്കുകയോ, ആസ്തികളുടെ തേയ്മാനം കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.
2. Schedule B-18 – ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള 151500 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. ഓഡിറ്റ് വർഷം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. മുതലായ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് മുൻകൂർ ഒടുക്കിയ 1246811 രൂപ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഓഡിറ്റ് കാലയളവിലെ വൗച്ചറുകൾ ഒന്നുംതന്നെ പ്രസിഡന്റ് കൈയ്യൊപ്പ് രേഖപ്പെടുത്തി പാസ്സാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവുകൾ ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ ഓഡിറ്റ് കാലയളവിൽ നടത്തിയിട്ടുള്ള കണ്ടിജന്റ് ചെലവുകൾ ഒന്നും തന്നെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് രേഖാമൂലമുള്ള ചെലവ് അനുമതി വാങ്ങിയിരുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ ചെലവ് അനുമതിയില്ലാതെ ചെലവ് നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള പട്ടികജാതി വികസന ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായിരിക്കെ ഈ സ്ഥാപനം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ഓഫീസ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകവഴി വാടകയിനത്തിൽ പൊതു ഖജനാവിൽനിന്നുള്ള ചെലവ് ഒഴിവാക്കാവുന്നതാണ്. ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 35340181 |
| വരവ് | 98010543 |
| ആകെ | 133350724 |
| ചെലവ് | 106964107 |
| നീക്കിയിരിപ്പ് | 26386617 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | 2016-17 വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2016-17-ൽ ലഭിച്ച തുക | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 39493757 | 34417689 | 19805082 | 50.15 |
| വികസന ഫണ്ട് (എസ്.സി.പി) | 36991004 | 24785736 | 24260432 | 65.58 |
| വികസനഫണ്ട് (ടി.എസ്.പി) | 261771 | 183771 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 10047362 | 5262570 | 5262570 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 114 | 71 | 43 | 62.2 |

പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ

1. പൊതുവിഭാഗം വികസന ഫണ്ട് വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ലഭ്യമായ ഫണ്ടിന്റെ 57.54 ശതമാനം മാത്രമാണ് ചെലവഴിച്ചത്. പൊതുവിഭാഗം വികസന ഫണ്ട് വകയിരുത്തി നടപ്പാക്കിയ 96.34 ലക്ഷം രൂപ അടങ്കലുള്ള 15പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.
2. വനിതാ ഘടക പദ്ധതി നടത്തിപ്പിൽ വീഴ്ചവരുത്തി. പദ്ധതിയ്ക്ക് വകയിരുത്തിയ തുകയിൽ 29% ഫണ്ട് മാത്രമാണ് ചെലവഴിച്ചത്. വികസന ഫണ്ടിൽനിന്നും 8395130 രൂപ അടങ്കൽ വകയിരുത്തി 6 പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും രണ്ട് പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് - 2839589).
3. പദ്ധതി ആസൂത്രണത്തിലും, നിർവ്വഹണത്തിലും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ സമയ ക്രമം പാലിച്ചിട്ടില്ല. പതിവുപോലെ പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തികവർഷാന്ത്യം വരെ വലിച്ചു നീട്ടുകയും, വർഷാന്ത്യത്തിൽ തിരക്കിട്ട് പദ്ധതി തുക ചെലവഴിക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകകളിൽ 43 ശതമാനവും മാർച്ച് 31-നാണ് ട്രഷറിയിൽനിന്നും മാറിയെടുത്തിട്ടുള്ളത്.
4. ബ്ലോക്ക് പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നു. ഫണ്ടുകളുടെ നേരിയ തോതിലുള്ള വിന്യാസം പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ ബാധിക്കുന്നു.
5. പദ്ധതി മോണിട്ടറിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമാണ്.

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | ചെലവ് % |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | |
| ഉല്പാദനം | 9 | 36116963 | 5 | 6278089 | 17.38 |
| സേവനം | 35 | 33820285 | 22 | 23021861 | 68.07 |
| പശ്ചാത്തലം | 70 | 91364261 | 44 | 20149134 | 22.05 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.03.2016 | 2014-15 | 08.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.02.2014 | 2012-13 | 02.05.2014 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് തിരികെ വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് എക്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് നാളിതുവരെ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തിരികെ വാങ്ങിയിട്ടില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ടെണ്ടർ രജിസ്റ്റർ അനുസരിച്ച് 2016-17 വർഷം 35 മരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാർ താഴെപ്പറയും പ്രകാരം

ഓൺലൈനായി ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി.എക്സി.എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ടെണ്ടർ ഫീസ് | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1. | കൊടുമൺ ഗ്രാമപഞ്ചായത്തിലെ വാർഡ് 13-ൽ മുകളിൽപ്പടി കൊടുമൺ ജം. റോഡ് പുനരുദ്ധാരണം | 500000 | 1000 | 9 | 9000 |
| 2. | പള്ളിക്കൽ പഞ്ചായത്ത് - പുന്തരവീട്ടിൽപ്പടി തെങ്ങുംവിള ഭാഗം - കാഞ്ഞിരവിളഭാഗം റോഡ് പുനരുദ്ധാരണം | 500000 | 1000 | 4 | 4000 |
| 3. | കൊടുമൺ ഗ്രാമപഞ്ചായത്ത് - കന്നിമേൽക്കട കൊന്നമത്ത് പടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 11 | 11000 |
| 4. | കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് - ഉമ്പമൺകോൺ ചെമ്മണ്ണേറ്റം റോഡ് പുനരുദ്ധാരണം | 500000 | 1000 | 8 | 8000 |
| 5. | കടമ്പനാട് ഗ്രാമപഞ്ചായത്ത് - വിളയിൽപ്പെടി പെരുന്തലക്കോട് പടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 4 | 4000 |
| 6. | ഏറത്ത് ഗ്രാമപഞ്ചായത്ത് - തടത്തിൽപ്പടി അടിമൂല റോഡ് പുനരുദ്ധാരണം | 500000 | 1000 | 10 | 10000 |
| 7. | കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് - എലിക്കോട് സാറുമുക്ക് - പവ്വത്തുപടി തോട്ടുകര റോഡ് പുനരുദ്ധാരണം | 500000 | 1000 | 9 | 9000 |
| 8. | ഏഴംകുളം ഗ്രാമപഞ്ചായത്ത് - ഓലിക്കുളങ്ങര അങ്കണവാടി ഭാഗം റോഡ് ഐറിഷ് ഓട നിർമ്മാണം | 500000 | 1000 | 9 | 9000 |
| 9. | കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് - നെടുമൺകാവ് കുരിശ്ശുംമൂട് ജംഗ്ഷൻ കൈലാസക്കുന്നു കോളനി റോഡ് പുനരുദ്ധാരണം | 500000 | 1000 | 7 | 7000 |
| 10. | കടമ്പനാട് ഗ്രാമപഞ്ചായത്ത് - ഇ.എസ്.ഐ.പടി നാലുതുണ്ടിൽ പൊയ്കയിൽപടി റോഡ് പുനരുദ്ധാരണം | 500000 | 1000 | 7 | 7000 |
| 11. | കടമ്പനാട് ഗ്രാമപഞ്ചായത്ത് വഞ്ചിമുക്ക് കണ്ണംപള്ളി ക്ഷേത്രം റോഡ് പുനരുദ്ധാരണം | 500000 | 1000 | 7 | 7000 |
| 12. | ഏഴംകുളം ഗ്രാമപഞ്ചായത്ത് - അരിയിനികോണം ചാവരുമുരുപ്പ് - തൊടുവക്കാട് റോഡ് പുനരുദ്ധാരണം | 500000 | 1000 | 9 | 9000 |
| 13. | കൊടുമൺ ഗ്രാമപഞ്ചായത്ത് - കുനംകാവിൽപ്പടി കൊറ്റംകുന്ന് കൊടുമൺചിറ ജംഗ്ഷൻ റോഡ് പുനരുദ്ധാരണം | 500000 | 1000 | 12 | 12000 |
| 14. | പാക്കിസ്ഥാൻമുക്ക് പാണ്ടിമലപ്പുറം റോഡ് പുനരുദ്ധാരണം - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 700000 | 1400 | 1 | 1400 |
| 15. | വെട്ടിമൂട്ടിൽപടി മങ്കുഴി റോഡ് പുനരുദ്ധാരണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 8 | 8000 |
| 16. | കൂടൽ നെല്ലിമുരുപ്പ് കുരങ്ങയം റോഡ് പാർശ്വഭിത്തി നിർമ്മാണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 700000 | 1400 | 6 | 8400 |
| 17. | ഊരിലേത്ത് കോളനി റോഡ് പുനരുദ്ധാരണം - ഏറത്ത് ഗ്രാമപഞ്ചായത്ത് | 910000 | 1820 | 3 | 5460 |
| 18. | തോട്ടുവ ആശാരിമുക്ക് PHC റോഡ് പുനരുദ്ധാരണം - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 696800 | 1394 | 2 | 2788 |
| 19. | പ്ലാക്കാട് ക്ഷേത്രം തുണ്ടിത്തറപ്പടിറോഡ് പുനരുദ്ധാരണം - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 3 | 3000 |
| 20. | എസ്.ഐ.പി. കടമാൻകുഴി റോഡ് പുനരുദ്ധാരണം - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 500000 | 1000 | 6 | 6000 |
| 21. | തുണ്ടിവിളപടി കാരംവേലിപ്പടി റോഡ് പുനരുദ്ധാരണം - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |
| 22. | പുതുശ്ശേരിഭാഗം ക്ഷേത്രം റോഡ് പുനരുദ്ധാരണം - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 500000 | 1000 | 2 | 2000 |
| 23. | പുത്തൻവിളപ്പടി കൂടൽ ഹൈസ്കൂൾ ജംഗ്ഷൻ പുനരുദ്ധാരണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 2 | 2000 |
| 24. | ബഥേൽപടി കോരക്കുഴി റോഡ് പുനരുദ്ധാരണം - ഏറത്ത് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |

| | | | | | |
|---|---|---|---|---|---|
| 25. | പരുത്തിപ്പാറ വടക്കടത്തുകാവ് റോഡ് പുനരുദ്ധാരണം - ഏറത്ത് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 5 | 5000 |
| 26. | കുളഞ്ഞിപ്പടി പറങ്കിമാംകീഴ് റോഡ് പുനരുദ്ധാരണം - ഏഴംകുളം ഗ്രാമപഞ്ചായത്ത് | 500000 | 1000 | 9 | 9000 |
| 27. | കാർത്തികഭവനം തെങ്ങുംവിളപ്പടി റോഡ് പുനരുദ്ധാരണം - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 2 | 2000 |
| 28. | ചാവരുമുരുപ്പ് പനനിൽക്കുംമുകൾ റോഡ് പുനരുദ്ധാരണം - കൊടുമൺ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |
| 29. | പോരുന്താളൂർ കോളനി റോഡ് പുനരുദ്ധാരണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 2 | 2000 |
| 30. | വെട്ടിക്കോട് തുണ്ടിൽപടി കോളൂർ ജംഗ്ഷൻ ഐ.പി. റോഡ് പുനരുദ്ധാരണം - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |
| 31. | കൊന്നേലയ്യം മേടപ്പാറ കുറ്റിമൺ റോഡ് പുനരുദ്ധാരണം - കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |
| 32. | പള്ളിലഴികത്ത് ജംഗ്ഷൻ കന്നിമൂല റോഡ് പുനരുദ്ധാരണം - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 2 | 2000 |
| 33. | ഞാറക്കാട്ടിൽ മണ്ണമ്പുഴ ഏലാ റോഡ് പുനരുദ്ധാരണം - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 5 | 5000 |
| 34. | കണ്ണംകര കുന്നിട റോഡ് പുനരുദ്ധാരണം - ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 500000 | 1000 | 4 | 4000 |
| 35. | പുതുമല പനയ്ക്കമുരുപ്പ് കോളനി റോഡ് പുനരുദ്ധാരണം - കടമ്പനാട് ഗ്രാമപഞ്ചായത്ത് | 500000 | 1000 | 3 | 3000 |
| | ആകെ | | | | 197048 |

## 3-1 അഗ്രോ സർവ്വീസ് സെന്ററിന്റെ ആസ്തികൾ ഉപയോഗിക്കാനാകാത്ത അവസ്ഥയിൽ

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്ററിനു പകരമായി എവർ ഗ്രീൻ ആർമി പറക്കോട് ബ്ലോക്ക് ലേബർ ബാങ്ക് എന്ന പേരിൽ ഒരു സ്ഥാപനം 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് 30.05.2012 മുതൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരികയാണ്. നിലവിൽ അഗ്രോ സർവ്വീസ് സെന്റർ വഴി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എവർഗ്രീൻ ആർമി മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ആയതിനാൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ അഗ്രോ സർവ്വീസ് സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പറക്കോട് ബ്ലോക്ക് കൃഷി അസിസ്റ്റൻ ഡയറക്ടർ 09.03.15-ൽ നൽകിയ എഡി(2)57/14-15 നമ്പർ കത്തിന് കൃഷി ഡയറക്ടർ 17.03.15-ൽ നൽകിയ ടി.വി(1)22191/14-ാം നമ്പർ മറുപടിയിൽ പുതിയ അഗ്രോ സർവ്വീസ് സെന്റർ രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിക്കുകയും നിലവിലുള്ള എവർഗ്രീൻ ആർമിയുമായി ചേർന്ന് അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നതിന് അംഗീകാരം നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

എന്നാൽ എവർഗ്രീൻ ആർമി ലേബർ ബാങ്കിന്റെ രജിസ്റ്റർ ചെയ്ത മെമ്മോറാണ്ടം ഓഫ് അസ്സോസ്സിയേഷൻ പ്രകാരമുള്ള നിയമാവലി ഗവൺമെന്റ് വിഭാവനം ചെയ്ത അഗ്രോ സർവ്വീസ് സൊസൈറ്റിയുടെ ഘടനയുമായി ഒത്തുപോകുന്നതാണോയെന്ന് വ്യക്തമല്ല. മേൽ നിയമാവലി, ഖണ്ഡിക 14.0 പ്രകാരം ലേബർ ബാങ്കിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും തൊഴിലാളികളുടെ വേതനം, നോംസ് എന്നിവയെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുമുള്ള അധികാരം എട്ട് അംഗങ്ങളുള്ള ഒരു ഉന്നത തല കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ഈ ഉന്നത തല കമ്മിറ്റിയിലെ എട്ട് സ്ഥിരാംഗങ്ങളും ആജീവനാന്ത അംഗങ്ങളാണ്. അതായത് ഔദ്യോഗിക കാലത്ത് മരണം സംഭവിക്കുകയോ അല്ലാത്ത പക്ഷം സ്വയം രാജി സമർപ്പിച്ച് പോകുകയോ ചെയ്യുന്നത് വരെ ഇവർ സ്ഥിരാംഗങ്ങളായി തുടരും. എവർഗ്രീൻ ആർമിയുടെ പ്രവർത്തനം സംബന്ധിച്ച അന്തിമ തീരുമാനം എപ്പോഴും മേൽസൂചിപ്പിച്ച എട്ട് പേരടങ്ങിയ ആജീവനാന്ത അംഗങ്ങളിലാണ്.

എവർ ഗ്രീൻ ആർമി അഗ്രോ സർവ്വീസ് സെന്ററായി പ്രവർത്തിക്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടറുടെ മേൽ സൂചിപ്പിച്ച കത്ത് അല്ലാതെ സർക്കാർ തലത്തിൽ ഈ നിർദ്ദേശം സാധൂകരിച്ചുകൊണ്ടുള്ള ഉത്തരവുകളോ നിർദ്ദേശങ്ങളോ ഇല്ല. എങ്കിലും അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള തുകകൾ, യന്ത്രസാമഗ്രികൾ, വാഹനം മുതലായവ കൈമാറിയിട്ടുള്ളത് ലേബർ ബാങ്കിനാണ്.ലേബർ ബാങ്കിന് വേണ്ടി നാളിതുവരെ നൽകിയിട്ടുള്ള കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ താഴെപ്പറയുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ഉപകരണത്തിന്റെ വിശദാംശങ്ങൾ | ചെലവ് തുക |
|---|---|---|---|
| 1 | 2014-15 | KAMCO - Power tiller | 145294 |
| 2 | 2014-15 | KAMCO - Tractor Accessories | 11487 |
| 3 | 2014-15 | KAMCO - Power Weeder | 103235 |
| 4 | 2014-15 | Raidco, Pathanamthitta - Conoveeder | 8245 |
| 5 | 2014-15 | Raidco, Pathanamthitta - Thresher cum Winnover | 149705 |
| 6 | 2014-15 | Johnson & Company, Pandalam - Jacky | 3000 |
| 7 | 2014-15 | Johnson & Company, Pandalam-Cutting plier, Box Spanner, Hammer, Star Screw Driver | 4934 |
| 8 | 2014-15 | Gihon Scales, Karakkadu - Weighing Balance | 15000 |
| 9 | 2014-15 | KAICO, Thiruvalla-Diesel Pumpset, Petrol Pumpset, HTP Sprayer, Rocker Sprayer | 92500 |

| | | | |
|---|---|---|---|
| 10 | 2014-15 | Cheruvallil Agro Equipments and Power Electricals - Round Straw Bailer | 311000 |
| 11 | 2014-15 | Famous Mill Stores, Adoor - Ring Spanner Set, Allen Key Set, Nose plier, Adjustable spanner Screw Driver Set, Pipe wrench, Grease Gun Super Value Oil Can, Plier EXT. Plier INT, Hammer, Ball pin, Hacksaw Frame | 3775 |
| 12 | 2014-15 | Krishnamritha Equipments, Alappuzha - Transplanter | 451000 |
| 13 | 2014-15 | Pannivizha Agri service co operative bank limited - Brush Cutters-3, Chain Saw-2, PalmClimber, Power Washer, Mammatty, Koonthaali, Wheel Barrow | 242740 |
| 14 | 2014-15 | Arasan Company Firm, Thirunelveli - Tipping Trailer | 141650 |
| 15 | | Kerala force tractor - Illivalavu, Kottayam - Tractor and Accessories | 784999 |
| 17 | 2014-15 | Pannivizha Agri service co operative bank limited - Workshop Tools | 31436 |
| | | Total | 2500000 |

ഇതോടൊപ്പംതന്നെ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 500000 രൂ റിവോൾവിംഗ് ഫണ്ടും എവർഗ്രീൻ ആർമിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു.കൃഷി വകുപ്പ് മന്ത്രിക്ക് പറക്കോട് ബ്ലോക്കിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്റർ എവർഗ്രീൻ ആർമിയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനാൽ സർക്കാർ കാർഷിക മേഖലയിൽ ലഭ്യമാക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ അഗ്രോ സർവ്വീസ് സെന്റർ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ഉത്തരവ് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്റർ എത്രയും പെട്ടന്ന് പ്രത്യേകമായി രജിസ്റ്റർ ചെയ്ത് കൃഷി വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കേണ്ടതാണെന്ന അറിയിപ്പ് കൃഷി വകുപ്പ് ഡയറക്ടറുടെ 01.03.17-ലെ ടി.വി(1)39385/16 നമ്പർ കത്ത് പ്രകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രീൻ ആർമി ഓഫീസ് അഗ്രോ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഒഴിഞ്ഞു നൽകണമെന്നും നിലവിൽ എവർഗ്രീൻ ആർമി കൈവശംവെച്ച് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാർഷിക ഉപകരണങ്ങൾ അഗ്രോ സർവ്വീസ് സെന്ററിനായി കൈമാറണമെന്നും കാണിച്ച് കൊണ്ട് ബി.ഡി.ഒ കത്ത് നൽകിയിരുന്നു. തുടർന്ന് എവർഗ്രീൻ ആർമി ഭാരവാഹികൾ കൃഷി വകുപ്പ് ഡയറക്ടർ മുതൽപേരെ കക്ഷികളാക്കി ബഹു.കേരള ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷൻ (Temp Ref. N:WPC/7584/17)ഫയൽ ചെയ്തിട്ടുണ്ട്. ആയതിനാൽ ബഹു.ഹൈക്കോടതി ഈ കേസിന്മേൽ നൽകുന്ന വിധിക്കനുസൃതമായി നിലവിലുള്ള യന്ത്രോപകരണങ്ങളും മറ്റ് സ്ഥാവര ജംഗമ ആസ്തികളും അന്യാധീനപ്പെട്ട് പോകാതെ സംരക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 <u>പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ – അപാകതകൾ</u>

പ്രോജക്ട് നം. - 65/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പട്ടികജാതി യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2079400 രൂപ എസ്.സി.പി. ഫണ്ടും, 20600 രൂപ തനത് ഫണ്ടും, 6300000 ലക്ഷം രൂപ മറ്റിനം ഫണ്ടും (ലോൺ) ഉൾപ്പടെ ആകെ 8400000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഈ പദ്ധതി 2016-17 വർഷം സ്പിൽ ഓവറായാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി 15 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം സബ്സിഡി നൽകിയ ഇനത്തിൽ 750000 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ നം., തീ. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 6/YAR/16-17/31.03.17 | 600000 | 12 |
| 7/YAR/16-17/31.03.17 | 50000 | 1 |
| 8/YAR/16-17/31.03.17 | 50000 | 1 |
| 9/YAR/16-17/31.03.17 | 50000 | 1 |
| Total | 750000 | 15 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(1) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള വ്യക്തിക്ക് ആനുകൂല്യം നൽകിയത്</u>

തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഭവനനിർമ്മാണത്തിനൊഴികെ പൊതുവിഭാഗങ്ങൾക്ക് 1 ലക്ഷം രൂപയും, എസ്.സി. വിഭാഗത്തിന് 1.5 ലക്ഷം രൂപയുമാണ് (സ.ഉ.(സാധാ.)നം.2464/തസ്വഭവ, തീ. 17.08.16). എന്നാൽ ഈ പദ്ധതിയുടെ ഭാഗമായി രണ്ട് ലക്ഷത്തിനുമേൽ വാർഷിക വരുമാനമുള്ള വ്യക്തിക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഗണഭോക്താവായ ശ്രീ സുകു ജി., വള്ളിവിളവടക്കേതിൽ, പാറക്കൂട്ടം എന്ന ഗുണഭോക്താവ് ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള വാർഷിക വരുമാനം 252144 രൂപയാണ്. നിശ്ചിത പരിധിക്കു മുകളിൽ വരുമാനമുള്ള വ്യക്തിക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. അനർഹനായ വ്യക്തിക്ക് നൽകിയ 50000 രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>(2) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം വിതരണം ചെയ്തു</u>

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പഞ്ചായത്തുകളിൽനിന്നും ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു ഗുണഭോക്താവിന് തൻവർഷം ആനുകൂല്യം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ ഏഴംകുളം ഗ്രാമപഞ്ചായത്തിൽനിന്നും ഗുണഭോക്തൃലിസ്റ്റ് വാങ്ങാതെയാണ് പരിധിയിലുള്ള രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകളിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ സാഹചര്യത്തിൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/19.10.17) നിർവ്വഹണ ഉദ്യോഗസ്ഥൻ തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്ര. നം. | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീമതി അനിഷ പി., പട്ടശ്ശേരി മേലേതിൽ, വയല | ഏഴംകുളം | 50000 | 6/YAR/16-17/31.03.17 |
| 2 | ശ്രീ സുരേന്ദ്രൻ, മുകളുവിള മേലേതിൽ, വയല | ഏഴംകുളം | 50000 | 6/YAR/16-17/31.03.17 |
| 3 | ശ്രീമതി സന്ധ്യ കെ., ചാമവിളയിൽ, ഇളമണ്ണൂർ | ഏനാദിമംഗലം | 50000 | 8/YAR/16-17/31.03.17 |
| | ആകെ | | 150000 | |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

(3) ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന് രേഖയില്ല

സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ താഴെപറയുന്ന ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന് തെളിവായി അംഗീകൃത ഡീലർമാരിൽനിന്നുള്ള ഇൻവോയ്സ്, വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇവർ വാഹനം വാങ്ങിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

| ക്ര. നം. | ഗുണഭോക്താവിന്റെ പേര് | തുക | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ അനീഷ് സി., ലളിതാവിലാസം, ഇളമണ്ണൂർ | 50000 | |
| 2 | ശ്രീ അനൂപ് കുമാർ, കൊച്ചുതുണ്ടിൽ വീട്, മണ്ണടി | 50000 | വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹജാരാക്കിയിട്ടില്ല |
| 3 | ശ്രീമതി മണി എസ്., പേരൂർ താഴേതിൽ, പയ്യനല്ലൂർ | 50000 | |
| 4 | ശ്രീ രഞ്ജിത് ആർ., അജിത് ഭവനം | 50000 | അപേക്ഷയും, ആവശ്യമായ മറ്റ് രേഖകളും ഹാജരാക്കിയിട്ടില്ല |
| 5 | ശ്രീ അഭിലാഷ് കരുണാകരൻ, പനതിട്ടകിഴക്കേതിൽ, ചായലോട് | 50000 | |
| 6 | ശ്രീമതി സന്ധ്യ കെ., ചാമവിളയിൽ, ഇളമണ്ണൂർ | 50000 | |
| 7 | ശ്രീ വിഷ്ണു, ഈട്ടിമൂട്ടിൽ, കൂടൽ | 50000 | |
| 8 | ശ്രീമതി ശുഭാകുമാരി, മുരുപ്പേൽ, ഇളമണ്ണൂർ | 50000 | |
| | ആകെ | 400000 | |

രേഖകൾ ഹാജരാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തികൾക്ക് നൽകിയ തുക ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം രേഖകൾ ലഭ്യമാക്കാത്ത പക്ഷം ചെലവ് നിരാകരിച്ച് സർചാർജ്ജ് നടപടികൾക്ക് വിധേയമാക്കുന്നതാണ്.

## 3-3 സി.എച്ച്.സി-യ്ക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ; മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നം.S0020/17 പ്രകാരം 300000 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി സി.എച്ച്.സി-യിലേക്ക് ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (ബിൽ നം.5/16-17/09.03.17 & 9/16-17/29.03.17).

| ക്രമ നം | വാങ്ങിയ ഇലക്ട്രോണിക് ഉപകരണം | മോഡൽ | എണ്ണം | വില | ആകെ |
|---|---|---|---|---|---|
| 1 | ലാപ് ടോപ്പ് | ഡെൽ ഇൻസ്പൈറോൺ 5559 | 1 | 40857.00 | 40857.00 |
| 2 | ലേസർ പ്രിന്റർ | കാനൺ LBP - 2009B | 3 | 7619.05 | 22857.15 |
| 3 | സ്കാനർ | എച്ച്.പി SJ 200 ഫ്ലാറ്റ് ബെഡ് | 1 | 4380.95 | 4380.95 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 68095.10 |
| | വാറ്റ് (5%) | | | | 3404.75 |
| | ഒട്ടാകെ | | | | 71500.00 |

മേൽപറഞ്ഞ ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. G.O.(Rt.)No.188/2012/LSGD തീയതി.03.07.2012 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഡി.ജി.എസ്.&ഡി. നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയാണെങ്കിൽ മാത്രമെ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് അനുമതിയുള്ളൂ. എന്നാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് ഡി.ജി.എസ്.&ഡി. നിരക്കുകൾ നിലവിലുള്ളപ്പോൾ ഇവ ടെണ്ടർ കൂടാതെ കെൽട്രോണിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല.

2. ഗവ.അംഗീകൃത സ്ഥാപനങ്ങളടക്കം ചില സ്ഥാപനങ്ങളിൽ നിന്നും സാധന സാമഗ്രികൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുള്ളത്, സ.ഉ.(സാധാ)നം.3299/2016/ത.സ്വ.ഭ.വ., തീയതി 02.12.2016 പ്രകാരം അംഗീകാരമുള്ള സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കമ്പ്യൂട്ടർ മുതലായ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്വന്തമായി നിർമ്മിക്കാതെ മറ്റ് കമ്പനികളുടേത് വാങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന കെൽട്രോണിൽ നിന്നും ടെണ്ടർ കൂടാതെ സാധനങ്ങൾ സമാഹരിച്ചതിനാൽ മൽസരാധിഷ്ഠിത ടെണ്ടർ മൂലം ലഭിക്കാമായിരുന്ന ലാഭം നഷ്ടമായി.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ആവശ്യത്തിന് ലാപ് ടോപ്പ് വാങ്ങുന്നതിനായുള്ള അനുമതി പ്രസിഡന്റ്, സെക്രട്ടറി, അസി.എൻജിനീയർ എന്നിവർക്ക് മാത്രമാണുള്ളത്. മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് ഡെസ്ക് ടോപ്പ് വാങ്ങുന്നതിന് മാത്രമാണനുമതിയുള്ളത്. സർക്കാർ അനുമതിയില്ലാതെ മെഡിക്കൽ ഓഫീസർ ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല.

മേൽ അപാകതകൾ മുൻനിർത്തി ഈ പദ്ധതിക്ക് ചെലവഴിച്ച 71500 രൂപ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുകയോ, അല്ലാത്തപക്ഷം ചെലവ് തുക തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 ടെണ്ടർ നടപടിയ്ക്ക് വിവിധ കമ്മിറ്റികളുടെ അംഗീകാരം വാങ്ങുന്നില്ല

ഏനാദിമംഗലം സി.എച്ച്.സി-യിലെ X-ray യൂണിറ്റിന് ആന്റി റേഡിയേഷൻ സൗകര്യം ഒരുക്കുന്നതിനായി പദ്ധതി രൂപീകരിച്ച് (SO 064/17) ടെണ്ടർ നടപടി സ്വീകരിച്ചതിൽ പ്രകാരം, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഹൈറേഞ്ച് മെഡിക്കൽ ഇലക്ട്രോണിക്സ്, ഇടുക്കി എന്ന സ്ഥാപനത്തിന് 66500 രൂപ (ബിൽ നം.16/16-17 /30.03.17) നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ നടപടികൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം എടുക്കുകയോ ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് ബുക്കിൽ യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല.

2. ഏതൊരു വാങ്ങലിനും ഭരണസമിതിയുടെ മുൻകൂർ അംഗീകാരം ആവശ്യമാണ്. എന്നാൽ, X-ray യൂണിറ്റിന് ആന്റി റേഡിയേഷൻ സൗകര്യം ഒരുക്കുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ഭരണസമിതി അംഗീകരിച്ചിട്ടില്ല.

3. ആന്റി റേഡിയേഷൻ സൗകര്യം ഒരുക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചിട്ടുള്ളതായി, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 20.10.17-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, ടെണ്ടർ നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും അംഗീകരിച്ചിരുന്നുവെന്നും മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും ജനറൽ കമ്മിറ്റിയുടേയും അംഗീകാരമില്ലാതെ നടത്തിയ പർച്ചേസിന് ചെലവഴിച്ച തുക 66500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ടെണ്ടറിനു പകരം ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | S0010/17 |
| അടങ്കൽ | 200000 |
| ചെലവ് | 199954 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സി.എച്ച്.സി-യ്ക്ക് ലാബ് റീ ഏജന്റ്സ് വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 2ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി M/s. ഉഷസ് ട്രെയ്ഡിംഗ് കമ്പനി, കൊല്ലം എന്ന സ്ഥാപനത്തിൽനിന്നും ലാബ് റീഏജന്റ്സ് വാങ്ങിയ ഇനത്തിൽ 199954 രൂപ ചെലവഴിച്ചു. ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചുവേണം നടത്താൻ. ഒരുലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് ഒരു ഇംഗ്ലീഷ് പത്രത്തിലും, മലയാള പത്രത്തിലും പരസ്യപ്പെടുത്തണം. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാതെ കേവലം മൂന്ന് സ്ഥാപനങ്ങളിൽനിന്നും നേരിട്ട് ക്വട്ടേഷൻ സ്വീകരിച്ച് പീസ്മീലായി വാങ്ങൽ

നടത്തിയത് ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് വാങ്ങൽ നടത്തുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സി.എച്ച്.സി-യ്ക്ക് ഡിജിറ്റൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ലക്ഷ്യം കണ്ടില്ല

ഏനാദിമംഗലം സി.എച്ച്.സി-യിൽ ഡിജിറ്റൽ എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിന് 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. നം.63/17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1584792 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. KMSCL-ൽ നിന്നും എക്സറേ യൂണിറ്റ് വാങ്ങുന്നതിന് ആകെ 889251 രൂപയായിരുന്നു ചെലവ് കണക്കാക്കിയിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം 646223 രൂപ KMSCL-ന് മുൻകൂറായി നൽകുകയും ബാക്കി 243028 രൂപ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം എക്സറേ യൂണിറ്റിന്റെ വില പൂർണ്ണമായും KMSCL-ന് നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ (19.10.17) KMSCL എക്സറേ യൂണിറ്റ് സപ്ലൈ ചെയ്യുകയോ ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല.

മാത്രവുമല്ല പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം KMSCL-ൽ നിന്നും മരുന്നുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് മാത്രമാണ് അനുമതിയുള്ളത്. മെഡിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ KMSCL-ൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ഓപ്പൺ ടെണ്ടർ ക്ഷണിക്കാതെ 8.89 ലക്ഷം രൂപ വിലവരുന്ന എക്സ്റേ യൂണിറ്റ് KMSCL മുഖാന്തിരം വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.

എക്സറേ യൂണിറ്റിന് ഡിജിറ്റൽ അപ്ഗ്രേഡബിലിറ്റി ഒരുക്കുന്നതിന് 2016-17-ലെ വാർഷിക പദ്ധതിയിൽ 886320 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. എക്സറേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/19.10.17) നിർവ്വഹണ ഉദ്യോഗസ്ഥ/ൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

എക്സറേ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 3-7 വികലാംഗർക്ക് ട്രൈസ്കൂട്ടർ - തുക മുൻകൂർ കൈമാറി, വാഹനങ്ങൾ നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല

വികലാംഗർക്ക് ട്രൈസ്കൂട്ടർ സ്കൂട്ടർ വാങ്ങി നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം, സി.ഡി.പി.ഒ. നിർവ്വഹണോദ്യോഗസ്ഥയായി വികസന ഫണ്ട് (ജനറൽ, എസ്.സി.പി) വകയിരുത്തി ചുവടെ ചേർക്കുന്ന രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | S0013/17 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ (ജനറൽ) | 1400000 | 1373400 |
| 2 | S0015/17 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ (എസ്.സി.പി) | 1239300 | 1177200 |
| | ആകെ | | 2639300 | 2550600 |

പ്രോജക്ട് നം.S0015/17 പ്രകാരം 18 ട്രൈസ്കൂട്ടറുകൾ (ഒന്നിന് 65400 രൂപ നിരക്കിൽ) വിതരണം ചെയ്യുന്നതിന് 1177200 രൂപയും പ്രോജക്ട് നം.S0013/17 പ്രകാരം 21 ട്രൈസ്കൂട്ടറുകൾക്ക് ഇതേ നിരക്കിൽ 1373400 രൂപയും ചിത്തിര മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തട്ടാമല, കൊല്ലം എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട് (ബിൽ നം.8/16-17, dtd.31.03.17 - 1373400, ബിൽ നം.09/16-17, dtd.31.03.17 - 1177200). എന്നാൽ ടി സ്ഥാപനം ട്രൈസ്കൂട്ടറുകൾ നാളിതുവരെ സപ്ലൈ ചെയ്യുകയോ ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമയ്ക്കാതെയാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. എഗ്രിമെന്റ് വയ്ക്കാതെ മുൻകൂറായി തുക നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ ഇപ്രകാരം ചെലവ് മുൻകൂട്ടികണ്ട് ട്രഷറിയിൽനിന്നും തുക പിൻവലിച്ചത് ജനകീയാസൂത്രണ പദ്ധതിയിലെ ധനവിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ ലംഘനമാണ് (ജി.ഒ.(പി)നം.177/2016/ധനം. തീ. 12.04.2006). പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് വാഹനമോടിക്കുവാൻ നിയമപ്രകാരമുള്ള ലൈസൻസ് നേടിയിട്ടുള്ളവരാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നുംതന്നെ ഫയലിൽ ലഭ്യമല്ല. മേൽ സാഹചര്യത്തിൽ ടി പ്രോജക്ടുകൾക്ക് ചെലവഴിച്ച 2550600 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനത്തിൽനിന്നും സ്കൂട്ടറുകൾ എത്രയും വേഗം ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ഉത്തരവാദിയായിരിക്കുന്നതും, ചെലവ് തുക പലിശ സഹിതം ടിയാളിൽനിന്നും ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതുമായിരിക്കും.

## 3-8 ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - തുക പൂർണ്ണമായും കൈമാറിയില്ല

പ്രോജക്ട് നം.S0009/17 പ്രകാരം ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട് വിവിധ പഞ്ചായത്തുകളിലെ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി തുക വകയിരുത്തിയിരുന്നു. 912500 രൂപ അടങ്കൽ നിശ്ചയിച്ചിരുന്നെങ്കിലും പഞ്ചായത്തുകൾക്ക് കൈമാറിയത് 775000 രൂപ മാത്രമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | കൈമാറിയ തുക | ബിൽ നം, തീയിതി |
|---|---|---|
| എഴംകുളം ഗ്രാമ പഞ്ചായത്ത് | 150000 | 01/16-17, dtd.20.12.2016 |
| കൊടുമൺ ഗ്രാമ പഞ്ചായത്ത് | 125000 | 02/16-17, dtd.27.01.2017 |
| കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് | 37500 | |
| പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | 175000 | 03/16-17, dtd.01.02.2017 |
| ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് | 150000 | 04/16-17, dtd.10.03.2017 |
| ഏറത്ത് ഗ്രാമ പഞ്ചായത്ത് | 87500 | 05/16-17, dtd.29.03.2017 |
| കടമ്പനാട് ഗ്രാമ പഞ്ചായത്ത് | 50000 | |
| ആകെ | 775000 | |

ഇപ്രകാരം സംയുക്ത പദ്ധതിയായി 912500 രൂപ അടങ്കൽ നിശ്ചയിച്ചിരുന്നെങ്കിലും തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ്. പദ്ധതിയിൽ പങ്കാളികളാകുന്ന ഗ്രാമപഞ്ചായത്തുകളുടെ ആവശ്യകത പരിഗണിക്കാതെയും, സംയുക്ത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെയും പദ്ധതി തയ്യാറാക്കിയതിനാലാണ് തുക പൂർണ്ണമായും കൈമാറുവാൻ സാധിക്കാഞ്ഞത്. തുക കൈപ്പറ്റിയ സ്ഥാപനങ്ങളിൽ നിന്നും ആയതിന്റെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ലഭിച്ചിട്ടുമില്ല. ഭാവിയിൽ സംയുക്ത പദ്ധതികൾ രൂപീകരിക്കുമ്പോൾ പഞ്ചായത്തുകളുടെ ഫണ്ടിന്റെ ആവശ്യം കൃത്യമായി നിർണ്ണയിച്ചതിനുശേഷം തുക കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതും, പദ്ധതി വിഹിതം കൈപ്പറ്റിയ സ്ഥാപനം തുക ചെലവഴിക്കുന്ന മുറയ്ക്ക് തന്നെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയൽ ചെയ്യേണ്ടതുമാണ്.

## 3-9 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | S0028/17 |
| നിർവ്വഹണം | ക്ഷീരവികസന ഓഫീസർ |
| അടങ്കൽ തുക | 400000 (വികസന ഫണ്ട്) |
| ചെലവ് തുക | 180000, Bill No.01/16-17/28.02.17<br>180000, Bill No.02/16-17/15.03.17 |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് വിവിധ പഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതമായി 360000 രൂപ നൽകിയിട്ടുണ്ട്. നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപ്പഞ്ചായത്തിന്റെ പേര് | നൽകിയ തുക |
|---|---|
| ഏനാദിമംഗലം | 40000 |
| കടമ്പനാട് | 70000 |
| ഏഴംകുളം | 70000 |
| പള്ളിക്കൽ | 70000 |
| ഏറത്ത് | 40000 |
| കൊടുമൺ | 70000 |
| ആകെ | 360000 |

ഇതിൽ ഏനാദിമംഗലം, കൊടുമൺ ഗ്രാമപ്പഞ്ചായത്തുകൾ മാത്രമാണ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. മറ്റു ഗ്രാമപ്പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടിനായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രോജക്ടിന് ചെലഴിച്ച 360000 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് വാങ്ങി ഓഡിറ്റിൽ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-10 വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വിതരണം - ധനസഹായം നൽകിയത് ഗ്രൂപ്പ് സംരംഭങ്ങൾക്കാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0012/17 |

| | |
|---|---|
| നിർവ്വഹണം | ക്ഷീരവികസന ഓഫീസർ |
| അടങ്കൽ തുക | 1400000 (വികസന ഫണ്ട്) |
| ചെലവ് തുക | 200000, Bill No.03/16-17/29.03.17 |

പദ്ധതിയുടെ ഭാഗമായി പള്ളിക്കൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള ഐശ്വര്യ പശുവളർത്തൽ യൂണിറ്റ് പുത്തൻചന്ത, നന്ദിനി പശുവളർത്തൽ യൂണിറ്റ് ഇളംപള്ളിൽ എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടുണ്ട്. അഞ്ച് അംഗങ്ങൾ വീതമുള്ള യൂണിറ്റുകൾക്ക് ഒരുലക്ഷം രൂപ വീതമാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. ജി.ഒ(എം.എസ്.)നം.04/2016/തസ്വഭവ തീയതി 11.01.2016 സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഗ്രൂപ്പ് സംരംഭങ്ങൾ ഒറ്റ യൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇവയെ വ്യക്തിഗത സംരംഭങ്ങളായി കണക്കാക്കേണ്ടതാണ്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് ഗ്രൂപ്പുകളുടെ പ്രവർത്തനം നടക്കുന്നതെന്ന് തെളിയിക്കുന്ന രേഖകളോ മോണിട്ടറിംഗ് റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 20.10.17-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ, രേഖകൾ ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ കൈവശമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അവ പരിശോധനക്ക് ഹാജരാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 200000 രൂപ തടസ്സപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സവാദം തീർപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് നിരാകരിച്ച് സർചാർജ്ജ് നടപടിയ്ക്ക് വിധേയമാക്കുന്നതാണ്.

## 3-11 ടെണ്ടർ ക്ഷണിക്കാതെ പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ, കമ്പ്യൂട്ടർ എന്നിവ വാങ്ങി

ബ്ലോക്ക്പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി രണ്ട് ലേസർ പ്രിന്ററുകൾ, ഒരു ഫോട്ടോകോപ്പി മെഷീൻ, മൂന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ച് (S0022/17) 206100രൂപ (ബിൽ നം.08/16-17/16.03.17) ചെലവഴിച്ച് കെൽട്രോണിൽ നിന്ന് ടി ഉപകരണങ്ങൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. 18.03.2016-ലെ സ.ഉ.1278/16/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ്, റിപ്പയറിംഗ് എന്നിവ ഐ.കെ.എം-നെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ സ്പഷ്ടീകരണം ലഭിക്കും വരെ ടെണ്ടർ വിളിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാവുന്നതാണെന്ന് 18.01.2017-ലെ സംസ്ഥാന കോർഡിനേറ്റർ കമ്മിറ്റിയുടെ 2.3-നമ്പർ തീരുമാനപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ, 02.12.2016-ലെ സ.ഉ.(സാധാ)നം.3299/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരം, കെൽട്രോൺ യൂണിറ്റിൽ നിർമ്മിക്കാത്ത ഉപകരണങ്ങളും സാധനങ്ങളും ടെണ്ടർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുമില്ല. കെൽട്രോൺ യൂണിറ്റിൽ നിർമ്മിക്കാത്ത ഫോട്ടോകോപ്പി മെഷീൻ, ലേസർ പ്രിന്റർ, ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ എന്നിവ ടെണ്ടർ നടപടി കൂടാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 20.10.17-ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, ടെണ്ടർ നടപടി സ്വീകരിക്കുമ്പോൾ ക്വോട്ട് ചെയ്യുന്ന ഉപകരണങ്ങളുടെ വിലയുടെ സുതാര്യത ഉറപ്പാക്കുവാൻ സാധിക്കാത്തതിനാലാണ് കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്തിയതെന്ന് പറയുന്നു. ഇ മറുപടി അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്. വിഷയം ഉചിതമായ തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി - പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് നം. | S0014/17 |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക | 2639589 (വികസന ഫണ്ട്) |
| ചെലവ് തുക | 195320, Bill No.01/16-17/28.02.17<br>2444269, Bill No.03/16-17/21.03.17 |

പദ്ധതിയുടെ ഭാഗമായി, ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 264 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷിയ്ക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പച്ചക്കറി വിത്ത്, കൂലിച്ചെലവ് എന്നീ ഇനങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കൃഷിഭൂമിയെ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഗുണഭോക്താക്കളുടെ തന്നെ ഭൂമിയിൽ കൃഷി ചെയ്യുന്ന സംഗതിയിൽ വസ്തുവിന്റെ കരമടച്ച രസീത്, പാട്ടക്കൃഷി ചെയ്യുന്ന സംഗതിയിൽ സ്ഥലമുടമ നൽകുന്ന സാക്ഷ്യപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കേറ്റ് എന്നിവ ലഭ്യമല്ല.
2. പച്ചക്കറിക്കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് പരമാവധി 10000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് 264 ഗ്രൂപ്പുകൾക്ക് 9258 രൂപ വീതമാണ് സബ്സിഡി നൽകിയിട്ടുള്ളത്. എന്നാൽ കൃഷിഭൂമിയെ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക നൽകിയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 23.10.17-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 2639589 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന്റെ സാധുത പരിശോധിക്കാനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-13 ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നു

തരിശ്ശുഭൂമിയിൽ പച്ചക്കറിക്കൃഷി, തരിശ്ശുഭൂമിയിൽ വാഴക്കൃഷി എന്നീ പദ്ധതികളാണ് ഓഡിറ്റ് വർഷം ബ്ലോക്ക്പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നാലാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ബ്ലോക്ക്പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാവുന്ന ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കർഷകരെ പരിശീലിപ്പിക്കുക, കാർഷിക പ്രദർശനങ്ങൾ നടത്തുക, കാർഷിക വായ്പ സ്വരൂപിക്കുക, പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ മേഖലയിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലകൾ. തരിശ്ശുഭൂമിയിൽ കൃഷി ചെയ്യിപ്പിക്കുക

എന്നുള്ളത് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലയാണ്. തദ്ദേശ ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായതും സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടതെന്ന് 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കാർഷിക മേഖലയിൽ ബ്ലോക്ക്പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ള മേഖലയിൽ ഉൾപ്പെടുന്ന പദ്ധതികൾ തയ്യാറാക്കി നിർവ്വഹണം നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-14 ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭ്യമാക്കിയില്ല; ക്ഷീരവികസന മേഖലയിലെ പദ്ധതികൾ ലക്ഷ്യം കണ്ടില്ല

2016-17-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഡയറി എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണ ചുമതല നൽകിയിരുന്ന പ്രോജക്ടുകൾ യഥാവിധി നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ ഫണ്ട് | ഫണ്ടിനം | ചെലവ് | ലാപ്സാക്കിയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ജനറൽ വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വളർത്തൽ (12/17) | 1400000 | വികസന ഫണ്ട് (ജനറൽ) | 200000 | 1200000 | 14% |
| 2 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (28/17) | 400000 | വികസന ഫണ്ട് (ജനറൽ) | 360000 | 40000 | 90% |
| 3 | എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു (30/17) | 700000 | എസ്.സി.പി. | 0 | 700000 | 0% |
| | | 2500000 | | 560000 | 1940000 | 22% |

ആകെ മൂന്ന് പദ്ധതികൾ ഉണ്ടായിരുന്നത് രണ്ടെണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പട്ടികജാതി ഫണ്ട് വകയിരുത്തിയിരുന്ന രണ്ട് പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല. ഇക്കാരണത്താൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും നൽകുന്നതിന് വേണ്ടി വകയിരുത്തിയ 19.4 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടില്ല. പദ്ധതി നിർവ്വഹണത്തിന് മൊത്തം ലഭ്യമായ തുകയുടെ കേവലം 22% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഏകവർഷ പ്രോജക്ടുകൾ അതത് വർഷം മാർച്ച് 31-നകം നടപ്പിലാക്കി തുക ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതെ ഉല്പാദന മേഖലയിൽ ചെലവഴിക്കേണ്ട പദ്ധതി പണം ലാപ്സാക്കുകയാണുണ്ടായത് .

പദ്ധതികൾ യഥാവിധി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം3/19.10.17) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ പൊതുവിഭാഗം വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ പദ്ധതിയുടെ ഭാഗമായി 5 പേരടങ്ങുന്ന 14 ഗ്രൂപ്പുകൾക്ക് 1 ലക്ഷം രൂപവീതം 14 ലക്ഷം രൂപയായിരുന്ന പദ്ധതിയിൽ വകയിരുത്തിയിരുന്നതെന്നും പലതവണ ഗുണഭോക്തൃലിസ്റ്റ് ആവശ്യപ്പെട്ടെങ്കിലും ബ്ലോക്കിൽനിന്നും ലിസ്റ്റ് ലഭിച്ചത് 2017 മാർച്ച് മാസം മധ്യത്തോടെയാണെന്നും വിശദീകരിച്ചു. 7 പേരടങ്ങുന്ന ലിസ്റ്റാണ് ലഭിച്ചത്. ഇതിൽ 2 ഗ്രൂപ്പുകൾമാത്രമാണ് പദ്ധതി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കിയത്. തുടർന്ന് മാർച്ച് മാസം അവസാന ആഴ്ച 19 ഗ്രൂപ്പുകൾ ഉൾപ്പെട്ട ഒരു ലിസ്റ്റ് ലഭിച്ചെങ്കിലും മുൻഗണനാക്രമത്തിലുള്ള ലിസ്റ്റ് ലഭ്യമായാൽ മാത്രമേ നിർവ്വഹണം സാധിക്കുകയുള്ളൂ എന്ന് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചെങ്കിലും മാർച്ച് 31-വരെ ലിസ്റ്റ് ലഭ്യമാക്കിയില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കി.

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലായി സംയുക്ത പദ്ധതിയായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും കലഞ്ഞൂർ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുകയോ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്ന 40000 രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

എസ്.സി. വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശു എന്ന പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭ്യമാക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലായില്ല.

അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കൈമാറുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ വരുത്തിയിട്ടുള്ള വീഴ്ച കാരണമാണ് പദ്ധതികൾ യഥാവിധി നടപ്പിലാക്കാൻ കഴിയാതിരുന്നത്. പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള കെടുകാര്യസ്ഥത ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

### 3-15 നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച; എസ്.സി. വനിതകൾക്കുള്ള ആട്ടുവളർത്തൽ പദ്ധതി നടപ്പാക്കിയില്ല

2016-17-ലെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലെ എസ്.എച്ച്.ജി-കൾക്ക് അടുവളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് എസ്.സി.പി. ഫണ്ടിൽനിന്നും 2280000 രൂപയും ഗുണഭോക്തൃവിഹിതം 2280000 രൂപയും ഉൾപ്പെടെ ആകെ 4560000 രൂപ അടങ്കലുള്ള ഒരു പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. കൊടുമൺ പഞ്ചായത്തിലെ വെറ്ററിനറി സർജനെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ചിരുന്നത്. ഈ പദ്ധതി തൻവർഷം നടപ്പിലാക്കുകയോ 2017-18-ൽ സ്പിൽഓവറായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മൃഗസംരക്ഷണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിലവിലില്ലാതിരുന്ന സാഹചര്യത്തിലാണ് കൊടുമൺ പഞ്ചായത്തിലെ വെറ്ററിനറി സർജനെ നിർവ്വഹണം ഏൽപിച്ചത്. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥനോ, ബ്ലോക്ക് പഞ്ചായത്ത് അധികൃതരോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഇക്കാരണത്താൽ പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി വകയിരുത്തിയ 22.5 ലക്ഷം രൂപയുടെ വിനിയോഗം തടസ്സപ്പെട്ടു. പദ്ധതി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞെങ്കിലും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ യാതൊരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-16 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണത്തിൽ വീഴ്ചവരുത്തി

2016-17 വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഏക പ്രോജക്ടായ എസ്.എച്ച്.ജി-കൾക്ക് ക്യാരിബാഗ് നിർമ്മാണം എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 250000 രൂപയും, മറ്റിനം ഫണ്ട് (ലോൺ) 800000 രൂപയും ഉൾപ്പടെ ആകെ 1080000 രൂപ അടങ്കൽ വകയിരുത്തിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിരുന്നത്. 2017-18 വർഷം 600000 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി പുതുക്കി പുതിയ പ്രോജക്ടായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പദ്ധതി നടപ്പിലാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/19.10.17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടാ യിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തു

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം (സ.ഉ.(എം.എസ്.)നം.4/2016/തസ്വഭവ, തീ. 11.01.16) ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം ഏറ്റെടുത്ത ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ കാര്യത്തിലും ഈ നിബന്ധന പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 17/17 | വൃദ്ധർക്ക് വാർദ്ധക്യകാല സഹായ ഉപകരണങ്ങൾ (എസ്.സി.പി.) | 239300 |
| 2 | 29/17 | പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 183771 |
| 3 | 28/17 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. മാർഗ്ഗരേഖയിലെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 റോഡ് നിർമ്മാണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ഓഡിറ്റ് വർഷം (2016-17) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിയമം പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 4-ാം പട്ടകയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖല ചുമതലകൾ നിർവ്വചിച്ചിട്ടുള്ളതു പ്രകാരം ഒന്നിലധികം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകൾ പരിപാലിക്കുകയാണ് ബ്ലോക്ക് പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതല. എന്നാൽ ഏതെങ്കിലും ഒരു പഞ്ചായത്ത് പരിധിയിൽ മാത്രം ഒതുങ്ങിനിൽകുന്ന വില്ലേജ് റോഡുകളുടെ പുനരുദ്ധാരണത്തിനു വേണ്ടിയാണ് ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ നടപ്പിലാക്കി

വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കാൻ പാടില്ലെന്നും തദ്ദേശഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് വേണം പ്രോജക്ടുകൾ ആവിഷ്കരിക്കാൻ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെ ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ഏറ്റെടുക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ചെയ്തിട്ടുള്ളത്. അഞ്ച് ലക്ഷം രൂപ അടങ്കൽ വകയിരുത്തി 150 മീറ്ററിൽ താഴെ നീളം റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ ഏറെയും. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ അടങ്കലുള്ളതും നിലവാരം ഇല്ലാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ശ്രദ്ധയിൽപ്പെടുത്തുന്നു.

3. കുറഞ്ഞ വീതി പരിധി പാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുകളുടെ കുറഞ്ഞ വീതി പരിധി 6 മീറ്ററാണ് എന്നാൽ ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് പുനരുദ്ധാരണം നടത്തിയ മിക്ക റോഡുകൾക്കും നിഷ്കർഷിച്ചിട്ടുള്ള വീതിയുണ്ടായിരുന്നില്ലെന്ന് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററുകളുടെ പകർപ്പിൽനിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, ആസ്തി രജിസ്റ്ററിലെ നം., റോഡിന്റെ വീതി | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|
| 1 | 56/17 | പാണ്ടിമലപ്പുറം - റ്റി.ബി.ജംഗ്ഷൻ - പുലിപ്പാറ റോഡ് (കടമ്പനാട് ഗ്രാമപഞ്ചായത്ത് വാർഡ് 17 - 141900110100000002 – വീതി 3 മീ.) | 811472 | 18/16-17<br>11.12.1t |
| 2 | 37/17 | കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 7-ൽ ഇരുകുഴി - വട്ടമല റോഡ് പുനരുദ്ധാരണം (142010050000000480 വീതി 4 മീറ്റർ) | 374764 | 38/16-17<br>31.03.17 |
| 3 | 71/17 | തോട്ടുവ ആശാരിമുക്ക് - പി.എച്ച്.സി.റോഡ് പുനരുദ്ധാരണം വാർഡ് 22 പള്ളിക്കൽ ഗ്ര.പ. (142210050000000506 – വീതി 4 മീ.) | 476108 | 40/16-17<br>31.03.17 |
| 4 | 52/17 | കടമ്പനാട് ഗ്രാ.പ. വാർഡ് 14-ൽ എള്ളുവിള – നാലുതുണ്ടിൽപ്പടി കോളനി റോഡ് പുനരുദ്ധാരണം<br>(1419001137000002 - വീതി 4 മീ.) | 374764 | 15/16-17<br>30.10.16 |
| 5 | 39/17 | ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ വാർഡ് 2-ൽ മൂർത്തിവിളപ്പടി പ്ലാന്റേഷൻപടി റോഡ് പുനരുദ്ധാരണം (141610050000000119 - വീതി 5 മീ.) | 374764 | 2/16-17 |

| | | | | |
|---|---|---|---|---|
| | | | | 15.10.16 |
| 6 | 102/17 | വഞ്ചിമുക്ക്-കണ്ണമ്പള്ളി ക്ഷേത്രം കടമ്പനാട് ഗ്രാമപഞ്ചായത്ത് (14192600000001 - വീതി 3.600 മീ.) | 319921 | 22/16-17<br>25.02.17 |
| 7 | 50/17 | പള്ളിക്കൽ പഞ്ചായത്തിലെ വാർഡ് 19-ൽ അടേപ്പാട് കോളനി റോഡ് പുനരുദ്ധാരണം (142210000000278 – വീതി 4 മീ.) | 374764 | 69/16-17<br>15.10.16 |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 6 മീറ്ററിൽ കറവ് വീതിയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-19 പ്രവൃത്തി നടത്താത്ത കരാറുകാരുടെ ജാമ്യനിക്ഷേപം കണ്ടുകെട്ടണം

2015-16 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാർ നടപ്പാക്കാതെ ഉപേക്ഷിച്ചതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

| ക്രമ നം. | പ്രോ. നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരൻ |
|---|---|---|---|---|
| 1 | 79/16 | ഏഴംകുളം ഗ്രാമപഞ്ചായത്തിലെ മാങ്കൂട്ടം വാർഡ് 15-ൽ കഴിക്കോട് - ചാവരുപടി ക്രഷർ റോഡ് പുനരുദ്ധാരണം | 374764 | ശ്രീ കുഞ്ഞുമോൻ ഡാനിയൽ |
| 2 | 62/16 | പള്ളിക്കൽ പഞ്ചായത്തിലെ വാർഡ് 19-ൽ അടേപ്പാട് കോളനി റോഡ് പുനരുദ്ധാരണം | 374764 | ശ്രീ കമറുദ്ദീൻ എൻ. |

ടി കരാറുകാർ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള ഇ.എം.ഡി., സെക്യൂരിറ്റി എന്നിവ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും, PWD മാന്വലിലെ ഖണ്ഡിക 2116 പ്രകാരമുള്ള നടപടികൾ കരാറുകാർക്കെതിരെ സ്വീകരിക്കേണ്ടതുമാണ്.

## 3-20 പൈക്ക - കേന്ദ്ര സഹായം ചെലവഴിക്കാതെ ബാങ്കിൽ 3.8ലക്ഷം രൂപ നിഷ്ക്രിയമായി കിടക്കുന്നു

രാജ്യത്തെ മുഴുവൻ ഗ്രാമീണ മേഖലയിലും കായിക വിനോദത്തിനായി ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് കേന്ദ്രയുവജന കാര്യ കായിക മന്ത്രാലയം നടപ്പാക്കുന്ന പദ്ധതിയാണ് പൈക്ക. 2014-ൽ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ ഒന്നാം ഗഡുവായി 3.8 ലക്ഷം രൂപ കേന്ദ്ര സർക്കാർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചു (ഡി.ഡി.നം.857532/27.01.14). 05.03.2009-ലെ 6-10/2008 SP/IV/11 നമ്പർ കത്തുപ്രകാരം കേന്ദ്ര ഗവൺമെന്റ് പദ്ധതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയ്ക്കായി ലഭിക്കുന്ന തുക ഒരു പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ഇടപാടുകൾ നടത്തണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഈ തുക തനത് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. കൂടാതെ 3 വർഷം പിന്നിടുമ്പോഴും പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻമൂലം പദ്ധതിക്കു ലഭ്യമാക്കിയ 3.8 ലക്ഷം രൂപ ബാങ്കിൽ നിഷ്ക്രിയമായി കിടക്കുന്നു. പൈക്ക് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ചെലവഴിക്കാനാവാതെ ബാങ്ക് അക്കൗണ്ടിൽ കെട്ടികിടക്കുന്ന തുക ₹20.30 ലക്ഷം

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയിലുള്ള 6961-ാം നമ്പർ മിസലേനിയസ് അക്കൗണ്ടിൽ ഓഡിറ്റ് തീയതിയിൽ 2029507 രൂപ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | പലിശ | 858618 |
| 2. | ഡെപ്പോസിറ്റ് കണ്ടുകെട്ടിയത് | 76281 |
| 3. | വ്യാപാര മേള | 5000 |
| 4. | പൈക്ക ഫണ്ട് | 380000 |
| 5. | RLEGP അക്കൗണ്ട് ക്ലോസ് ചെയ്ത തുക | 7473 |
| 6. | SHG കെട്ടിട വാടക | 10000 |
| 7. | ടെണ്ടർ ഫാറം വില | 11963 |
| 8. | *തിരിച്ചറിയാനാവാത്ത തുക* | *680172* |

| | | |
|---|---|---|
| | ആകെ | 2029507 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം ചെലവഴിക്കാനാവാതെ വൻതുക അക്കൗണ്ടിൽ കെട്ടി കിടക്കുന്നത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത തുകയിൽ പൈക്ക ഫണ്ട്, RLEGP അക്കൗണ്ട് ക്ലോസ് ചെയ്ത തുക എന്നിവ ഒഴികെയുള്ള തുകകൾ തനത് ഫണ്ട് സ്രോതസ്സായി പരിഗണിച്ച് വാർഷിക പദ്ധതിയിൽ വകയിരുത്താവുന്നതാണ്.

## 3-22 ലക്ഷ്യബോധമില്ലാത്ത പദ്ധതി ആസൂത്രണം 49.24 ലക്ഷം രൂപ വിനിയോഗിക്കാനാവാതെ ലാപ്സായി

ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന രണ്ട് പ്രോജക്ടുകൾ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നവയായിരുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|---|
| 1 | 31/17 | ഏനാദിമംഗലം സി.എച്ച്.സി., ബ്ലോക്ക് പഞ്ചായത്ത് ഇൻസിനിറേറ്റർ | 2000000 | വികസന ഫണ്ട് |
| 2 | 32/17 | ബ്ലോക്ക് പഞ്ചായത്തിന് ആധുനിക മൊബൈൽ ശ്മശാനം | 2923545 | വികസന ഫണ്ട് |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, നടപ്പിലാക്കേണ്ടതും, തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറാണ്. ഈ സാഹചര്യത്തിൽ ഇൻസിനിറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സെക്രട്ടറി ഏറ്റെടുത്തത് ക്രമപ്രകാരമല്ല. മാത്രവുമല്ല ഈ പദ്ധതിയ്ക്ക് ശുചിത്വമിഷനിൽനിന്നും സാങ്കേതികാനുമതി വാങ്ങേണ്ടതായിരുന്നു. എന്നാൽ ശുചിത്വ മിഷനിൽനിന്നുള്ള സാങ്കേതികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള അനുമതി എന്നിവ വാങ്ങാതെയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ലക്ഷ്യബോധമില്ലാതെ ആവിഷ്കരിച്ച പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. ഈ പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കാനുള്ള യാതൊരു സാദ്ധ്യതയും കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന് ആധുനിക മൊബൈൽ ശ്മശാനം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സാങ്കേതിക-പ്രായോഗിക ക്ഷമതയുള്ളതായിരുന്നില്ല. കൂടാതെ ശ്മശാന നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമല്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടത്തുന്ന ശ്മശാന നിർമ്മാണ പ്രവർത്തനത്തിലേക്ക് വിഹിതം നൽകുന്നതിനുമാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതിയുണ്ടായിരുന്നത്. കൂടാതെ മൊബൈൽ ശ്മശാനം സംസ്ഥാനത്തിന് അകത്തോ, പുറത്തോ എവിടെയെങ്കിലും നടപ്പിലാക്കി വിജയിച്ച മാതൃകയായിരുന്നില്ല. പ്രോജക്ടിന്റെ സാങ്കേതിക-പ്രായോഗിക ക്ഷമത പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി പദ്ധതി നടപ്പിലായില്ലെന്നു മാത്രമല്ല പദ്ധതിയ്ക്ക് വകയിരുത്തിയ 29.23 ലക്ഷം രൂപ ചെലവഴിക്കാനാവാതെ ലാപ്സാകുന്നതിനും ഇടയായി.

ടി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി പ്രോജക്ടുകളുടെ ആസൂത്രണത്തിലുണ്ടായിട്ടുള്ള പാളിച്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-23 ക്രമപ്രകാരമല്ലാത്ത ചെലവുകൾ തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകൾ അതിനെതിരെ പറയുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ചെക്ക് നം., തീ. | തുക | ചലവിന്റെ വിവരം | തടസ്സപ്പെടുത്തുന്നതിന് കാരണം |
|---|---|---|---|---|
| 1. | 5371211<br>04.07.16 | 15187 | പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനത്തിന്റെ അറ്റകുറ്റപ്പണി (KL26C8295) – TV Sundram Iyengar & Sons Ltd. | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ആവശ്യകതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ചെലവ് അനുമതി ഇല്ല. |
| 2. | 327917<br>07.09.16 | 50000 | ഓണം ബക്രീദ് വിപണന മേള നടത്തുന്നതിന് ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന് RTGS വഴി നൽകുന്നതിന് പിൻവലിച്ച തുക | UTR, കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3. | 327919<br>08.09.16 | 36900 | പ്രേരക് ശ്രീ അശോകന്റെ 6 മാസത്തെ ഓണറേറിയം, ഉത്സവ ബത്ത<br>(2015 മെയ് - ഡിസംബർ) | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല |
| 4. | 327920<br>08.09.16 | 28300 | പ്രേരക് ശ്രീമതി സിന്ധുവിന്റെ 6 മാസത്തെ ഓണറേറിയം, ഉത്സവ ബത്ത<br>(2015 മെയ് - ഡിസംബർ) | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല |
| 5. | 327933<br>22.11.16 | 11400 | ബ്ലോക്ക് പഞ്ചായത്ത് വാഹനം KL3-J-9381 നമ്പർ വാഹനം അറ്റകുറ്റപ്പണി നടത്തിയ ചെലവ് | ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ചെലവ് അനുമതി ഇല്ല. പതിനായരം രൂപയ്ക്കുമേൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുഖാന്തിരം ചെയ്യേണ്ടതാണ് (സ.ഉ.(എം.എസ്.)നം.170/17 /തസ്വഭവ., തീ. 30.06.17) |

| | | | | |
|---|---|---|---|---|
| 6. | 327950<br>27.01.17 | 11400 | പ്രേരക് ശ്രീ അശോകന്റെ ജനവരി 2016 ജനവരി മുതൽ സെപ്റ്റംബർ വരെ മാസങ്ങളിലെ ഓണറേറിയം | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല. ചെലവ് അനുമതി ഇല്ല. |
| 7. | 327951<br>27.01.17 | 8700 | അസി. പ്രേരക് ശ്രീമതി സിന്ധുവിന്റെ 2016 ജനവരി മുതൽ സെപ്റ്റംബർ വരെ മാസങ്ങളിലെ ഓണറേറിയം | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല. ചെലവ് അനുമതി ഇല്ല. |
| 8. | 327952<br>01.02.17 | 24769 | പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം അറ്റകുറ്റപ്പണി നടത്തിയതിന്റെ ചെലവ് - TVS, കമ്പഴ പത്തനംതിട്ട | ആവശ്യകതാ സർട്ടിഫിക്കറ്റ് ഇല്ല. ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.<br>പതിനായരം രൂപയ്ക്കുമേൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുഖാന്തിരം ചെയ്യേണ്ടതാണ് (സ.ഉ.(എം.എസ്.)നം.170/17/തസ്വഭവ., തീ. 30.06.17) |
| 9. | 327967<br>08.03.17 | 27832 | പ്രേരക് ശ്രീ അശോകന്റെ 2017 ജനവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം<br>(07.01.17 പ്രാബല്യത്തിൽ ഓണറേറിയം 15000 രൂപ നിരക്കിൽ വർദ്ധിപ്പിച്ച<br>01.01.17 – 6.1.17 – 735<br>7.1.17 – 31.01.17 - 12097<br>2/17 - 15000 | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല. ചെലവ് അനുമതി ഇല്ല. |
| 10. | 327968<br>08.03.17 | 22238 | അസി.പ്രേരക് ശ്രീമതി സിന്ധുവിന്റെ 2017 ജനവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം<br>(07.01.17 പ്രാബല്യത്തിൽ ഓണറേറിയം 12000 രൂപ നിരക്കിൽ വർദ്ധിപ്പിച്ച<br>01.01.17 – 6.1.17 – 561<br>7.1.17 – 31.01.17 - 9677<br>2/17 - 12000 | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രം ഇല്ല. ചെലവ് അനുമതി ഇല്ല. |
| | ആകെ | 236726 | | |

## 3-24 KWA, KSEB എന്നിവയിലെ ഡിപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി KWA, KSEB എന്നീ സ്ഥാപനങ്ങളിൽ തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പദ്ധതിയുടെ വിവരം | ഏജൻസി | ചെലവഴിച്ച തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|---|
| 1 | S0115/17 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ജനറൽ) | KWA | 727800 | 11/16-17 /29.03.17 |
| | | | | 23845 | 17/16-17 /30.03.17 |
| 2 | S0110/17 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി.) | KWA | 1435000 | 09/16-17 /18.03.17 |
| | | | | 1277350 | 10/16-17 /28.03.17 |
| | | | | 1800000 | 15/16-17 /30.03.17 |

| | | | | | |
|---|---|---|---|---|---|
| 3 | S0116/17 | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ (ജനറൽ) | KSEB | 469630 | 13/16-17 /29.03.17 |
| | | | | 25536 | 14/16-17 /30.03.17 |
| | | ആകെ | | 5759161 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വിവിധ പ്രവൃത്തികൾക്ക് തുക ഡിപ്പോസിറ്റ് ചെയ്യുമ്പോൾ നിർവ്വഹണ ഏജൻസിയുമായി ബ്ലോക്ക്പഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. ഡിപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ, കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ 3805150 രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കി തുകയുടെ കൈപ്പറ്റ് രസീതുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്തുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന് ജി.ഒ(എം.എസ്) നമ്പർ 04/2016/തസ്വഭവ തീയതി 11.01.2016 സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവുതുക 5759161 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-25 ഡിപ്പോസിറ്റ് പ്രവൃത്തി - അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

ഏനാദിമംഗലം സി.എച്ച്.സി. പുനർവൈദ്യുതീകരണത്തിനായി പദ്ധതി രൂപീകരിച്ച് (SO 003/17) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്ന് 1440000 രൂപ (ബിൽ നം.02/16-17/24.10.16) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയിരുന്നു. ടി പ്രവൃത്തി 10.02.2017-ന് പൂർത്തീകരിച്ചിട്ടുള്ളതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 1196537 രൂപയാണ് ടി പ്രവൃത്തിയ്ക്ക് വിനിയോഗിച്ചിട്ടുള്ളത്. അവശേഷിക്കുന്ന തുക 243463 രൂപ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-26 നിഷ്ക്രിയമായി സ്റ്റോക്കിൽ അവശേഷിക്കുന്ന സാധനങ്ങൾ കൈയ്യൊഴിക്കണം

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഉദ്ദേശ്യം 1.5 ലക്ഷം രൂപ വിലവരുന്ന 70 ഡബിൾ ട്യൂബ് സെറ്റുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി കാണുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.123). 9-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് വാങ്ങിയതാണ് ഇവയെന്ന് ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടു. ഇത് കൂടാതെ വികലാംഗർക്ക് വിതരണം ചെയ്യുന്നതിന് വാങ്ങിയ മൂന്ന് ട്രൈസൈക്കിളുകളും വിതരണം ചെയ്യാതെ ദീർഘകാലമായി സ്റ്റോക്കിൽ അവശേഷിക്കുന്നുണ്ട്. സ്റ്റോക്കിൽ അവശേഷിക്കുന്ന ട്യൂബ് സെറ്റുകൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ട്രൈസിക്കിളുകൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-27 തുടർ സാക്ഷരത – തനത് ഫണ്ടിൽനിന്നുള്ള ചെലവ് ക്രമീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തെങ്ങമം വികസന വിദ്യാകേന്ദ്രത്തിലെ പ്രേരക് ശ്രീ ആർ.അശോകൻ, അസി.പ്രേരക് ശ്രീമതി സിന്ധു എന്നിവർക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഓണറേറിയം ഇനത്തിൽ നൽകിയ തുകയിൽ 43370 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. പൊതു ആവശ്യഗ്രാന്റിൽനിന്നും നൽകുന്ന ഓണറേറിയത്തിന്റെ വിവരം മുൻകൂർ രജിസ്റ്ററിൽ ചേർക്കുകയോ ജില്ലാ മിഷനിൽനിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് മുൻകൂർ ക്രമീകരിക്കുന്നതിന്റെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

| | |
|---|---|
| 2016-17 വർഷാരംഭത്തിൽ ജില്ലാ മിഷനിൽനിന്നും റീംബേഴ്സ് ചെയ്ത് ലഭിക്കാനുണ്ടായിരുന്ന തുക | 58100 |
| തനത് ഫണ്ടിൽനിന്നും തൻവർഷം ഓണറേറിയം നൽകുന്നതിന് ചെലവഴിച്ച തുക | 135370 |
| ജില്ലാമിഷനിൽനിന്നും തൻവർഷം ലഭിച്ച തുക | 150100 |
| വർഷാന്ത്യത്തിൽ ലഭിക്കാൻ അവശേഷിക്കുന്ന തുക | 43370 |
| ഓഡിറ്റ് തീയതിയിൽ സാക്ഷരതാ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക | 99832 |

സാക്ഷരതാ മിഷനിൽനിന്നും ലഭിക്കാൻ അവശേഷിക്കുന്ന 43370 രൂപ ജില്ലാമിഷനിൽനിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഓണറേറിയം നൽകുന്നതിന് ജനറൽ പർപ്പസ് ഫണ്ടിൽനിന്നും ചെലവഴിക്കുന്ന തുകകൾ മുൻകൂറായി പരിഗണിച്ച് കണക്ക് സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-28 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ 2.67 ലക്ഷം രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം സി.എച്ച്.സി-യ്ക്ക് അത്യാവശ്യ മരുന്നുകളും, മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം കെ.എം.എസ്.സി.എൽ-ന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ സ്ഥാപനം മരുന്നുകളും, ഉപകരണങ്ങളും പൂർണ്ണമായി സപ്ലൈ ചെയ്തിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരണാസന്നരായ കിടപ്പുരോഗികൾക്ക് നൽകുന്നതിനുള്ള മരുന്നുപോലും യഥാസമയം ലഭ്യമായിട്ടില്ല.

| പ്രോ. നം. | പ്രോജക്റ്റിന്റെ പേര് | മരുന്നു വാങ്ങുന്നതിന് ചെലവഴിച്ച തുക | ട്രഷറി ബിൽ നം., തീ. | ലഭിച്ച മരുന്നിന്റെ/ഉപകരണത്തിന്റെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 11/17 | മരുന്ന് വാങ്ങൽ | 1000000 | 2/16-17 /23.11.16<br>04/16-17 /09.03.17 | 904706 | 95294 |
| 19/17 | പാലിയേറ്റീവ് രോഗികൾക്ക് മരുന്നും, ഉപകരണങ്ങളും | 300000 | 2/16-17 /16.12.16<br>06/16-17 /09.03.17 | 127997 | 172003 |

വകുപ്പ് മുഖേന മതിയായ അളവിൽ മരുന്ന് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിലാണ് അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിക്കുന്നത്. ഈ സാഹചര്യത്തിൽ മരുന്നുകൾ യഥാസമയം ലഭിക്കാതിരിക്കുന്നത് ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം വിതരണം ചെയ്തുവരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഡി.എം.ഒ.വിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചതിനുശേഷം വേണം മരുന്നുകൾ വാങ്ങേണ്ടത്. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ വാങ്ങിച്ച ശേഷം മാത്രമേ മരുന്നു വാങ്ങുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിക്കാൻ പാടുള്ളൂ. എന്നാൽ ഡി.എം.ഒ.-വിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിലാണ് ടി പ്രോജക്ടുകൾ ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-29 സി.എച്ച്.സി. പ്രവർത്തിക്കുന്നത് പി.എച്ച്.സി-യുടെ നിലവാരത്തിൽ; കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കമ്മിറ്റി ഇടപെടണം

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഏനാദിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ഇല്ല. ഏനാദിമംഗലം, ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള വലിയൊരു വിഭാഗം ജനങ്ങൾ ചികിത്സയ്ക്ക് ആശ്രയിക്കുന്ന സ്ഥാപനമാണിത്. ദിനം പ്രതി 250-ൽപരം രോഗികൾ ഒ.പി-യിൽ ചികിത്സയ്ക്ക് എത്തുന്നുണ്ട്. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ '24x7' നിലവാരത്തിൽ പ്രവർത്തിക്കേണ്ട ഈ സ്ഥാപനം ഇപ്പോൾ ഒരു സാധാരണ പി.എച്ച്.സി-യുടെ നിലവാരത്തിലാണ് പ്രവർത്തിക്കുന്നത്. ഉച്ചയ്ക്ക് 2 മണിവരെ മാത്രമാണ് ഡോക്ടറുടെ സേവനം ലഭ്യമായിട്ടുള്ളത്. 24 മണിക്കൂർ കാഷ്യാലിറ്റിയും, കിടത്തി ചികിത്സയും ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെയാണ് സി.എച്ച്.സികളിൽ സർക്കാർ നിയമിച്ചിട്ടുള്ളത്. കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളും നിലവിലുണ്ട്. ഒരു സിവിൽ സർജനും, 6 അസി. സർജൻമാരും ഉൾപ്പടെ 57 ജീവനക്കാരാണ് ഇവിടെയുള്ളത്. ജീവനക്കാരുടെയും, കെട്ടിട സൗകര്യങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| സിവിൽ സർജൻ | 1 |
| അസി.സർജൻ | 6 |
| ഹെഡ് നഴ്സ് | 2 |
| സ്റ്റാഫ് നഴ്സ് | 7 |
| റേഡിയോ ഗ്രാഫർ | 1 |
| ഓപ്റ്റോമോട്രിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 2 |
| ലാബ് ടെക്നീഷ്യൻ (HMC) | 1 |
| ലാബ് അസിസ്റ്റന്റ് | 1 |
| ഫാർമസിസ്റ്റ് | 2 |
| ഫാർമസിസ്റ്റ് (HMC) | 1 |
| എച്ച്.ഐ. ഗ്രേ.II | 1 |
| ഹെൽത്ത് സൂപ്പർ വൈസർ | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ.I, II | 6 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേ.I, II | 10 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേ.II | 2 |
| നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| ഹെഡ് ക്ലാർക്ക് | 1 |

| | |
|---|---|
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 3 |
| പ്യൂൺ | 1 |
| ഡ്രൈവർ | 1 |
| പി.ടി.സ്വീപ്പർ | 1 |

കെട്ടിട സൗകര്യം

| | |
|---|---|
| ഓഫീസ് കെട്ടിടം | 1 |
| ഐ.പി. കെട്ടിടം | 2 |
| പി.പി. യൂണിറ്റ് | 1 |
| ഓപ്പറേഷൻ തീയറ്റർ | 1 |
| ക്വാർട്ടേഴ്സ് | 6 |

1991-ൽ ഐ.പി. കെട്ടിടം നിർമ്മിക്കുകയും, 24 കിടക്കകൾ അനുവദിക്കുകയും ചെയ്തിരുന്നു. ഇതിന് പുറമേ 2004-05 വർഷം ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് പുതിയ ഒരു ഐ.പി. ബ്ലോക്ക് കൂടി നിർമ്മിക്കുകയുണ്ടായി. 2014-15 വർഷം 17 ലക്ഷം രൂപ ചെലവഴിച്ച് പാലിയേറ്റീവ് കെയർ വാർഡ് എന്ന പേരിൽ ഈ കെട്ടിടത്തിന് ഒന്നാം നിലയും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കിടത്തി ചികിത്സയില്ലാത്തതിനാൽ ഇവയെല്ലാം പ്രയോജന രഹിതമായി കിടക്കുകയാണ്.

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.ആർ.ഡി.എഫ്. ട്രാൻചേ ഇനത്തിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന 4.93 കോടിരൂപയും, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 74.77 ലക്ഷം രൂപയും ഉൾപ്പടെ ആകെ 56.77 കോടി രൂപ അടങ്കൽ വകയിരുത്തി സി.എച്ച്.സി-യ്ക്ക് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. ആശുപത്രിയുടെ പശ്ചാത്തല സൗകര്യ വികസനത്തിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സാഹചര്യത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അധികൃതർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പദ്ധതിയുടെ വിവരം | നൽകിയ സ്ഥാപനം | മുൻകൂർ നൽകിയ തുക ബിൽ നം/ചെക്ക് നം | ചെലവിന്റെ വിവരം |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0115/17) | KWA | 727800<br>Bill No.11/16-17 /29.03.17<br>23845<br>Bill No.17/16-17 /30.03.17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 2 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0110/17) | KWA | 1435000 (എസ്.സി.പി)<br>Bill No.09/16-17 /18.03.17<br>1277350 (എസ്.സി.പി)<br>Bill No.10/16-17 /28.03.17<br>1800000 (എസ്.സി.പി)<br>Bill No.15/16-17 /30.03.17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 3 | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ (S0116/17) | KSEB | 469630 (വികസന ഫണ്ട്)<br>Bill No.13/16-17 /29.03.17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | | 25536 (വികസന ഫണ്ട്)<br>Bill No.14/16-17 /30.03.17 | |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | സാമ്പത്തിക വർഷം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| IAY ഭവനപദ്ധതി | 2016-17 | സ.ഉ.നം. 5675/ബി2/201, തീ. 31.05.13 | 5000000 | 1468230 | 0 | 0 | 1468230 |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

1. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ്/അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്

   ഇല്ല

2. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ള റിക്കവറി

   ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-8 | 2007-08 | പാറക്കുഴി-പറമ്പിക്കുഴി ഏലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 2007-08 സാമ്പത്തിക വർഷം ടി പ്രവർത്തി പൂർത്തീകരിച്ചതായി കാണിച്ചുകൊണ്ട് സർക്കാരിലേക്ക് 06.12.14 ൽ മറുപടി നല്കിയിട്ടുണ്ട്. |
| 2006-07 | 2-1 | 2006-07 | വനിതാക്ഷേമം(ജനറൽ, എസ്.സി.പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | 2-2 | | വനിതാ ക്ഷേമം തയ്യൽ മെഷീൻ വിതരണം നടത്താത്തത് സംബന്ധിച്ച് | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 14 തയ്യൽ മെഷീൻ വിതരണം ചെയ്തു. |
| | 2-6 | | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 98010543 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106964107 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 200000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6524915 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 200000 | ശ്രീ സുനിൽ ജി., പട്ടിക ജാതി വികസന ഓഫീസർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 400000 | ശ്രീ സുനിൽ ജി., പട്ടിക ജാതി വികസന ഓഫീസർ |
| 3-3 | 71500 | ശ്രീമതി ദയ ആർ. ജയൻ, മെഡിക്കൽ ഓഫീസർ |
| 3-4 | 66500 | ശ്രീമതി ദയ ആർ. ജയൻ, മെഡിക്കൽ ഓഫീസർ |
| 3-7 | 2550600 | ശ്രീമതി ഷക്കീല ബീവി എൻ., ചൈൽഡ് ഡവ. പ്രോജക്ട് ഓഫീസർ |
| 3-9 | 360000 | ശ്രീമതി കെ. വിമലാകമാരി അമ്മാൾ, ക്ഷീരവികസന ഓഫീസർ |
| 3-10 | 200000 | ശ്രീമതി കെ. വിമലാകമാരി അമ്മാൾ, ക്ഷീരവികസന ഓഫീസർ |
| 3-12 | 2639589 | ശ്രീ സുരേഷ് കെ.വി., അസി.ഡയറക്ടർ, കൃഷി |
| 3-23 | 15187 | ശ്രീ എസ്. അശോകൻ, സെക്രട്ടറി |
| | 221539 | ശ്രീ ശിവദാസൻ പിള്ള എസ്., സെക്രട്ടറി |
| ആകെ | 6524915 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുനിൽ ജി.,<br>പട്ടിക ജാതി വികസന ഓഫീസർ | അസി. ജില്ലാ പട്ടികജാതി വികസന ഓഫീസർ, പത്തനംതിട്ട | കളരിക്കൽ, ശ്രീമൂലപുരം, തിരുവല്ല |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 1997-98 വരെ | എൽ.എഫ്.പി.റ്റി.എ/പി5/152/99 തീ.06.08.99 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി5/207/2000, തീ.07.08.00 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി5/580/00, തീ.07.02.11 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5/624/02, തീ.04.01.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5/301/04, തീ.09.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6/70/06, തീ.15.09.06 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി6/940/06, തീ.09.07.07 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി6/877/06, തീ.06.12.07 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6/878/06, തീ.11.12.07 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6/561/08, തീ.13.03.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി3/891/09 തീ. 25.03.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി2/29/11 തീ. 11.05.11/11.07.11 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി2/30/11 തീ. 10.10.11/16.03.12 |
| 2010-11& 2011-12 | എൽ.എഫ്.പി.റ്റി.എ/പി2/236/13 തീ. 30.11.13/13.12.13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ/പി2/226/14 തീ.09.05.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി2/256/15 തീ.13.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എപി2/1012/16 തീ.07.09.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി13/215/17 തീ.15.04.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി.12/1303/17 തീയതി: 07.12.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.KSA.PTA.P12/1303/2017 Dated: 07.12.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Parakode Block Panchayat in Pathanamthitta District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parakode Block Panchayat for the year 2016-17 except the obeservations in my report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Pathanamthitta